**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 355** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ്പുറപ്പെടുവിച്ച 05/06/2025 തീയതിയിലെ ഉത്തരവ് പ്രകാരം (File No: 5022/2025/) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളവിതരണം തടസ്സമില്ലാതെ നടത്തുന്നതിനായി 5 അംഗ കമ്മിറ്റി രൂപീകരിച്ചതായി സർക്കാർ വ്യക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യം എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള വിതരണം തടസ്സമില്ലാതെ നടക്കുന്നതിനു വേണ്ടിയും സ്പാർക്ക് മായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയും 5 അംഗ കമ്മിറ്റിയെ രൂപീകരിച്ച് 05.06.2025ലെ സ.ഉ (സാധാ) നം. 5022/2025/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | 05.01.2025, 04.02.2025 എന്നീ തീയതികളിലെ LSGD/PD/67428/2023-AE. നമ്പർ കത്തുകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശകളിന്മേൽ പ്രധാനമായി ഉന്നയിച്ച പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ; | (ബി) | ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിനു ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനായി മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ ഉൾപ്പെടെ മുഴുവൻ ജീവനക്കാർക്കും പെൻ നമ്പർ അനുവദിച്ച് സ്പാർക്ക് മുഖേന ശമ്പള വിതരണം നടത്തണം എന്നതാണ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച ശിപാർശയിലെ പ്രധാന ആവശ്യം. |
| (സി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; മേൽ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിൽ ആരൊക്കയാണ് അംഗങ്ങൾ; ഈ കമ്മിറ്റി എത്ര പ്രാവശ്യം മീറ്റിംഗ് നടത്തി; ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ശമ്പളം സ്പാർക്ക് മുഖേനയല്ല വിതരണം ചെയ്യുന്നത്. മുഴുവൻ ജീവനക്കാർക്കും പെൻ നമ്പർ അനുവദിച്ചിട്ടുമില്ല.<br><br>ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള വിതരണം തടസ്സമില്ലാതെ നടക്കുന്നതിനു വേണ്ടിയും സ്പാർക്ക് മായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയും 5 അംഗ കമ്മിറ്റിയെ രൂപീകരിച്ച് 05.06.2025ലെ സ.ഉ (സാധാ) നം. 5022/2025/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. കമ്മറ്റിയിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. 1) അഡീഷണൽ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ് 2) അഡീഷണൽ/ ജോയിന്റ് സെക്രട്ടറി ധനകാര്യ (ബഡ്ജറ്റ്) വകുപ്പ് 3) ചീഫ് പ്രൊജക്റ്റ് മാനേജർ (സ്പാർക്ക് പി.എം.യു) 4) ജോയിന്റ് സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ് 5) അഡീഷണൽ ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ്)<br><br>മേൽ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയെ ഒഴിവാക്കി പകരം തദ്ദേശസ്വയംഭരണ (ERA) വകുപ്പിന്റെ അഡീഷണൽ സെക്രട്ടറിയെ അംഗമാക്കിയും പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡിഷണൽ ഡയറക്ടർക്ക് പകരം ജോയിന്റ് ഡയറക്ടറെ അംഗമാക്കിയും 26.06.2025 ലെ സ.ഉ(സാധാ) നം. 5438/2025/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>പ്രസ്തുത കമ്മിറ്റി 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. മറ്റ് വിവരങ്ങൾ ധനകാര്യ വകുപ്പിൽ നിന്നും ശേഖരിച്ച് വരുന്നു. |
| (ഡി) | ശമ്പളവിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളോടൊപ്പം 'SPARK' സംവിധാനവുമായി ബന്ധപ്പെട്ട മറ്റ് സാങ്കേതിക/ഭരണപരമായ പ്രശ്നങ്ങളും കമ്മിറ്റി പരിശോധിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഏതെല്ലാം വിഷയങ്ങളാണ് പരിഗണനയിൽ ഉള്ളത്; ആയതിന്റെ വിശദാംശം നൽകാമോ; | (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള വിതരണം തടസ്സമില്ലാതെ നടക്കുന്നതിനു വേണ്ടിയും സ്പാർക്ക് മായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയുമാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. മറ്റുവിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത കമ്മിറ്റി മൂന്ന് ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവിൽ പറയുന്നതിനാൽ ടി സമയപരിധി പാലിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മേൽനോട്ട സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | കമ്മിറ്റി റിപ്പോർട്ട് ലഭിച്ച ശേഷം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളവിതരണം സ്ഥിരവും ഏകീകൃതവുമായ രീതിയിൽ ഉറപ്പാക്കുന്നതിനായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ ഏതൊക്കെയാണ്; വിശദമാക്കാമോ? | (എഫ്) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ